To serve Thy people

# BHADRADEEPA

## Eparchy of Bhadravathi

DIOCESAN BULLETIN




**"Year of Family and Jubilee of Mercy"**

**VOL. 10, No. 1, March 2016**

*Hearty Festal Greetings to*
*His Excellency Mar Joseph Arumachadath*





# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

**Vol. 10, No. 1** **March, 2016**

Edited & Published by  Fr. Sajeesh Mathew Thrikkodanmalil
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Printers, Bangalore
9886809060

*for private circulation only*

# ഉള്ളടക്കം

ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശം ........................... 4

രൂപതാകച്ചേരി വാർത്തകൾ ........................................................ 11

മതബോധന–ബൈബിൾ പ്രേഷിതത്വം........................................... 15

ചെറുപുഷ്പ മിഷൻ ലീഗ്.............................................................. 19

മാതൃവേദി ................................................................................. 48

യുവജന പ്രേഷിതത്വം ................................................................ 19

വൊക്കേഷൻ ബ്യൂറോ ................................................................... 21

കുടുംബ പ്രേഷിതത്വം .................................................................. 22

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി...................................... 25

Bishop's Diary................................................................ 27

Bishop's Programme ...................................................... 29

Kannada Section ............................................................ 31

# ഫ്രാൻസിസ് പാപ്പായുടെ നോമ്പുകാല സന്ദേശം – 2016

''കരുണയാണ് ബലിയല്ല ഞാൻ ആഗ്രഹിക്കുന്നത്'' (മത്താ 9:13)

## കാരുണ്യത്തിന്റെ പ്രവൃത്തികൾ – ജൂബിലിയുടെ പാതയിൽ

### 1. താൻ സുവിശേഷവത്കരിക്കപ്പെട്ടതുകൊണ്ട് സുവിശേഷ വത്കരിക്കുന്ന സഭയുടെ പ്രതിബിംബമായ മറിയം

ഈ ജൂബിലി വർഷത്തിലെ നോമ്പുകാലം ദൈവത്തിന്റെ കാരുണ്യം ആഘോഷിക്കാനും അനുഭവിക്കാനുമുള്ള പ്രത്യേക നിമിഷമായി കൂടുതൽ തീവ്രതയോടെ ജീവിക്കണമെന്ന് കാരുണ്യത്തിന്റെ അസാധാരണ ജൂബിലി യെ സംബന്ധിച്ച കല്പനയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു (കരുണയുടെ മുഖം 17). ദൈവവചനം കൂടുതൽ ശ്രദ്ധയോടെ ശ്രവിക്കാനും 24 മണി ക്കൂറും കർത്താവിനുവേണ്ടി ജീവിക്കാനും പ്രോത്സാഹിപ്പിച്ചു. ദൈവവച നത്തെ പ്രത്യേകിച്ച് അവിടുത്തെ പ്രവാചക വചനത്തെ പ്രാർത്ഥനാപൂർവം ശ്രവിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയാൻ ഞാൻ ആഗ്ര ഹിച്ചു. ദൈവകാരുണ്യം ലോകത്തോടുള്ള ഒരു പ്രഘോഷണമാണ്. ആദ്യം ഓരോ ക്രൈസ്തവനും അനുഭവിക്കാനുള്ള പ്രഘോഷണം തന്നെ. ഇക്കാരണത്താൽ നോമ്പുകാലത്ത് കാരുണ്യത്തിന്റെ മിഷണറിമാരെ ഞാൻ അയയ്ക്കും. ദൈവത്തിന്റെ ഉറ്റബന്ധത്തെയും ക്ഷമയെയും സംബന്ധിച്ച് ഓരോ വ്യക്തിക്കുമുള്ള വസ്തുനിഷ്ഠമായ അടയാളമെന്ന നിലയിലാണ് അയയ്ക്കുന്നത്.

മുഖ്യദൂതനായ ഗബ്രിയേലിൽനിന്ന് സദ്വാർത്ത ശ്രവിച്ചതിനുശേഷം ദൈവം തന്നെ കാരുണ്യപൂർവം തിരഞ്ഞെടുത്തതിനെ സംബന്ധിച്ച് മറി യം മഹത്ത്വകീർത്തനത്തിൽ പാടുന്നു. ജോസഫുമായി വിവാഹവാഗ്ദാനം നടത്തിയിരുന്ന നസ്രസിലെ കന്യക അങ്ങനെ, സുവിശേഷവത്കരിക്കുന്ന സഭയുടെ പൂർണതയുള്ള ഐക്കൺ ആയിത്തീരുന്നു. എന്തെന്നാൽ കന്യാ ത്വപരമായ തന്റെ ഉദരത്തെ ഫലപൂർണമാക്കിയ പരിശുദ്ധാത്മാവിനാൽ അവൾ സുവിശേഷവത്കരിക്കപ്പെട്ടു, സുവിശേഷവത്കരിക്കപ്പെട്ടുകൊ ണ്ടിരിക്കുകയും ചെയ്യുന്നു. പ്രവാചകപാരമ്പര്യപ്രകാരം കരുണ മാതൃ

ഗർഭത്തോട് (റഹാമിം) ഉറ്റബന്ധം പുലർത്തുന്നു. പദനിഷ്പതിയുടെ തലത്തിൽപോലും അങ്ങനെയാണ്. വിവാഹത്തിലും കുടുംബബന്ധങ്ങളിലും കാണിക്കുന്ന ഉദാരതയും വിശ്വസ്തതയും സഹാനുഭൂതിയുമുള്ള നന്മയോടും ആ പദം (ഹെസെദ്) ബന്ധപ്പെട്ടിരിക്കുന്നു.

## 2. മനുഷ്യവംശവുമായുള്ള ദൈവത്തിന്റെ ഉടമ്പടി: കാരുണ്യത്തിന്റെ ഒരു ചരിത്രം

ദൈവിക കാരുണ്യമെന്ന രഹസ്യം ദൈവവും തന്റെ ജനമായ ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ ചരിത്രത്തിൽ വെളിവാക്കപ്പെട്ടിട്ടുണ്ട്. ദൈവം കരുണയിൽ നിത്യസമ്പന്നനായി സ്വയം വെളിപ്പെടുത്തുന്നു. അഗാധമായ വാത്സല്യത്തോടും സഹതാപത്തോടും കൂടി തന്റെ ജനതയോടു പൊരുതാൻ അവിടന്ന് എപ്പോഴും സന്നദ്ധനാണ്. അവിശ്വസ്തത ഉടമ്പടി തകർക്കുന്ന ദുരന്തപരമായ നിമിഷങ്ങളിൽ പ്രത്യേകിച്ച് അവിടുന്നു അപ്രകാരം പെരുമാറുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉടമ്പടി നീതിയിലും സത്യത്തിലും കൂടുതൽ ദൃഢതയോടെ സ്ഥിരീകരിക്കപ്പെടേണ്ടി വന്നു. ഇവിടെ ഒരു യഥാർത്ഥ പ്രണയകഥയാണുള്ളത്. ഒറ്റിക്കൊടുക്കപ്പെട്ട പിതാവിന്റെയും ഭർത്താവിന്റെയും ഭാഗം അതിൽ ദൈവം അഭിനയിക്കുന്നു. ഇസ്രായേലാകട്ടെ വിശ്വസ്തതയില്ലാത്ത സന്താനത്തിന്റെയും മണവാട്ടിയുടെയും ഭാഗം അഭിനയിക്കുന്നു. ഈ ഗാർഹിക പ്രതിബിംബങ്ങൾ ഹോസിയാ പ്രവാചകന്റെ കാര്യത്തിലെന്നപോലെ (രള.ഹോസിയാ 1–2) ദൈവം തന്റെ ജനത്തോട് എത്രമാത്രം ഒട്ടിനില്ക്കാൻ ആഗ്രഹിക്കുന്നുവെന്നു കാണിക്കുന്നു.

ഈ പ്രണയകഥ ദൈവപുത്രന്റെ മനുഷ്യാവതാരത്തിൽ പൂർണതയിലെത്തുന്നു. ക്രിസ്തുവിൽ പിതാവ് തന്റെ അളവറ്റ കാരുണ്യം ചൊരിയുന്നു. ക്രിസ്തുവിനെ മനുഷ്യാവതാരം ചെയ്ത കാരുണ്യ(കാരുണ്യത്തിന്റെ മുഖം 8) മാക്കിത്തീർക്കുന്നതിനോളം കാരുണ്യം ചൊരിയുന്നു. നസ്രായനായ യേശു മനുഷ്യനെന്ന നിലയിൽ യഥാർത്ഥ ഇസ്രായേൽ പുത്രനാണ്. ഓരോ യഹൂദനോടും ഷേമാ ആവശ്യപ്പെടുന്ന പരിപൂർണമായ ശ്രവണത്തിന്റെ മൂർത്തീഭാവമാണ്. അത് ഇന്നും ഇസ്രായേലുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ കേന്ദ്രമാണ്: ഇസ്രായേലേ കേൾക്കുക നമ്മുടെ ദൈവമായ കർത്താവ് ഒരേ ഒരു കർത്താവാണ്. നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണഹൃദയ

ത്തോടും പൂർണാത്മാവോടും പൂർണശക്തിയോടും കൂടെ സ്നേഹിക്കണം (നിയാ 6:4–5). ദൈവപുത്രനെന്ന നിലയിൽ അവിടുന്ന് തന്റെ മണവാട്ടിയുടെ സ്നേഹം നേടാൻ എല്ലാ കാര്യവും ചെയ്യുന്ന മണവാളനാണ്. വ്യവസ്ഥകൾക്ക് അതീതമായ സ്നേഹത്താൽ അവിടുന്ന് അവളോട് ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ സ്നേഹം ശാശ്വത വിവാഹോത്സവത്തിൽ ദൃശ്യമായിത്തീരുന്നു.

അപ്പസ്തോലിക കെരിഗ്മയുടെ കേന്ദ്രം ഇതാണ്. അതിൽ ദൈവിക കാരുണ്യം മൗലികമായ കേന്ദ്രസ്ഥാനം വഹിക്കുന്നു. മരിച്ച് മൃതരിൽ നിന്ന് ഉത്ഥാനം ചെയ്ത യേശുക്രിസ്തുവിൽ ദൈവത്തിനുള്ള രക്ഷാകരസ്നേഹത്തിന്റെ സൗന്ദര്യമാണ് വെളിവാക്കപ്പെട്ടിട്ടുള്ളത് (സുവിശേഷത്തിന്റെ സന്തോഷം 36). അതാണ് പ്രഥമ പ്രഘോഷണം. അത് വ്യത്യസ്ത രീതികളിൽ വീണ്ടും വീണ്ടും കേൾക്കണം. അത് ഓരോ തലത്തിലും നിമിഷത്തിലും മതബോധന പ്രക്രിയയിലുടനീളം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അറിയിക്കണം (അവിടെത്തന്നെ 164) ഓരോ പാപിയിലേക്കും എത്തിച്ചേരുന്നതിനു ദൈവത്തിനുള്ള രീതിയെ കാരുണ്യം പ്രകാശിപ്പിക്കുന്നു. തന്നിലേക്കു തന്നെ തിരിഞ്ഞു നോക്കാനും മാനസാന്തരപ്പെട്ട് വിശ്വസിക്കാനുമുള്ള പുതിയൊരു അവസരം അതു നല്കുന്നു (കാരുണ്യത്തിന്റെ മുഖം 21). അങ്ങനെ അവിടത്തോടുള്ള ബന്ധം അത് പുനഃസ്ഥാപിക്കുന്നു. ദൈവം ക്രൂശിതനായ യേശുവിൽ, പാപികളുടെയടുത്തേക്കു വരാനുള്ള ദൈവത്തിന്റെ ആഗ്രഹം ദൈവം വ്യക്തമാക്കുന്നു. പാപികൾ തന്നിൽ നിന്നു എത്രമാത്രം അകന്നുപോയാലും ദൈവം തന്റെ ആഗ്രഹം വ്യക്തമാക്കുന്നു.

### 3. കാരുണ്യത്തിന്റെ പ്രവൃത്തികൾ

ദൈവത്തിന്റെ കാരുണ്യം മനുഷ്യഹൃദയങ്ങളെ പരിവർത്തനം ചെയ്യിക്കുന്നു. വിശ്വസ്തസ്നേഹത്തിന്റെ അനുഭവത്തിലൂടെ കരുണയുള്ളവരായിത്തീരാൻ അത് നമ്മെ ശക്തരാക്കുന്നു. നിത്യനൂതനമായ അദ്ഭുതകൃത്യത്തിലൂടെ ദൈവകാരുണ്യം നമ്മുടെ ജീവിതത്തിൽ പ്രകാശിപ്പിക്കുന്നു. അയൽക്കാരെ സ്നേഹിക്കാനും കാരുണ്യത്തിന്റെ ആത്മീയവും ശാരീരികവുമായ പ്രവൃത്തികളെന്നു സഭയുടെ പാരമ്പര്യം വിളിക്കുന്ന പ്രവൃത്തികൾക്കായി സ്വയം

സമർപ്പിക്കാനും അത് നമ്മിൽ ഓരോരുത്തരെയും പ്രചോദിപ്പിക്കുന്നു. ആ പ്രവൃത്തികൾ നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നു.

അതായത് നമ്മുടെ അയൽക്കാർക്കുവേണ്ടിയുള്ള ശാരീരികവും ആത്മീയവുമായ സഹായം നല്കുന്ന വസ്തുനിഷ്ഠമായ അനുദിന പ്രവൃത്തികളിലൂടെയാണ് വിശ്വാസം പ്രകടിപ്പിക്കപ്പെടുന്നതെന്ന് അവ ഓർമ്മിപ്പിക്കുന്നു. അയൽക്കാർക്ക് ഭക്ഷണം നല്കി പോഷിപ്പിച്ചുകൊണ്ടും, അവരെ സന്ദർശിച്ചുകൊണ്ടും അവരെ പഠിപ്പിച്ചുകൊണ്ടും തന്നെ. അക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നാം വിധിക്കപ്പെടും. ഇക്കാരണത്താൽ ഞാൻ ഇപ്രകാരം എന്റെ ആഗ്രഹം പ്രകടിപ്പിച്ചു: ക്രൈസ്തവ ജനം ആത്മീയവും ശാരീരികവുമായ കാരുണ്യ പ്രവൃത്തികളെക്കുറിച്ച് വിചിന്തനം ചെയ്യണം. അത് നമ്മുടെ മനസ്സാക്ഷിയെ തട്ടിയുണർത്താനുള്ള ഒരു മാർഗമായിരിക്കും. ദാരിദ്ര്യത്തിന്റെ മുമ്പിൽ മിക്കപ്പോഴും മരവിച്ചുപോകുന്ന മനസ്സാക്ഷിയെത്തന്നെ. ദൈവകാരുണ്യത്തിന്റെ സവിശേഷാനുഭവമുള്ള സുവിശേഷത്തിന്റെ ഹൃദയത്തിലേക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലാനും അതൊരു മാർഗമാണ് (അവിടെത്തന്നെ 15). എന്തെന്നാൽ ദരിദ്രരുടെയും പീഡിതരുടെയും ഞെരുക്കപ്പെട്ടവരുടെയും മർദ്ദിക്കപ്പെട്ടവരുടെയും പോഷണം ലഭിക്കാത്തവരുടെയും നാടുകടത്തപ്പെട്ടവരുടെയും ശരീരത്തിൽ യേശുവിന്റെ ശരീരം ദൃശ്യമാകുന്നു. നാം അവരെ അംഗീകരിക്കുകയും സ്പർശിക്കുകയും സംരക്ഷിക്കുകയും വേണം (അവിടെത്തന്നെ). നിഷ്കളങ്കനായ കുഞ്ഞാടിനുണ്ടായ സഹനം കാലത്തിൽ വ്യാപിക്കുന്ന അപൂർവവും ഉതപ്പുണ്ടാക്കുന്നതുമായ രഹസ്യമാണത്. സൗജന്യസ്നേഹത്തിന്റെ കത്തുന്ന മുൾപ്പടർപ്പാണ് ആ കുഞ്ഞാട്. ഈ സ്നേഹത്തിനു മുമ്പിൽ മോശയെപ്പോലെ നമ്മുടെ ചെരിപ്പുകൾ അഴിച്ചു മാറ്റാം (cf. പുറ 3:5), പ്രത്യേകിച്ച് വിശ്വാസത്തിനുവേണ്ടി സഹിക്കുന്ന നമ്മുടെ സഹോദരീ സഹോദരന്മാരാണ് ആ ദരിദ്രരെങ്കിൽ അപ്രകാരം ചെയ്യണം.

മരണത്തെക്കാൾ ശക്തമായ ഈ സ്നേഹത്തിന്റെ വെളിച്ചത്തിൽ (cf. ഉത്തമ. 8:6) തങ്ങൾ ആരാണെന്നു തിരിച്ചറിയാൻ മനസ്സില്ലാത്തവരാണ് യഥാർത്ഥ ദരിദ്രരെന്ന് വ്യക്തമാകുന്നു. തങ്ങൾ സമ്പന്നരാണെന്ന് അവർ കരുതുന്നു. എന്നാൽ അവർ ദരിദ്രരിൽ ഏറ്റവും ദരിദ്രരാണ്. അവർ പാപത്തിന്റെ

അടിമകളായതുകൊണ്ടുതന്നെ. ദൈവത്തിനും മറ്റുള്ളവർക്കും വേണ്ടി സേവനം ചെയ്യാൻ സമ്പത്തും അധികാരവും ഉപയോഗിക്കാതിരിക്കാൻ പാപം അവരെ പ്രേരിപ്പിക്കുന്നു. തങ്ങളും ദരിദ്രരിൽ ദരിദ്രരാണെന്ന അഗാധമായ ബോധത്തിൽ ഹൃദയങ്ങളെ മരവിപ്പിക്കാനാണ് പാപം അവരെ പ്രേരിപ്പിക്കുന്നത്. സമ്പത്തും അധികാരവും വർധിക്കുന്നതനുസരിച്ച് അന്ധതയും വഞ്ചനയും വർധിക്കുന്നു. വീട്ടു പടിക്കൽ യാചിച്ചുകൊണ്ടിരിക്കുന്ന ലാസറിനെ കാണാൻ കഴിയാതിരിക്കുന്നതുവരെ അതു വർധിക്കുന്നു. ദരിദ്രനായ ലാസർ ക്രിസ്തുവിന്റെ പ്രതീകമാണ്. അവിടന്ന് നമ്മുടെ മാനസാന്തരത്തിനായി ദരിദ്രരിലൂടെ യാചിക്കുന്നു. ദൈവം നമുക്കു നല്കുന്ന മാനസാന്തര സാധ്യതയുടെ പ്രതീകമാണവിടന്ന്. അതു കാണുന്നതിൽ നാം പരാജയപ്പെടുന്നു. അത്തരം അന്ധത മിക്കപ്പോഴും നമ്മുടെ സർവശക്തിയെക്കുറിച്ചുള്ള മിഥ്യാധാരണയോടൊപ്പമുള്ളതാകാം. നീ ദൈവത്തെപ്പോലെയാകും (ഉത്പ. 3:5) എന്ന പൈശാചിക പ്രേരണയെ അതു പ്രതിഫലിപ്പിക്കുന്നു. അതാകട്ടെ എല്ലാ പാപങ്ങളുടെയും വേരാണ്. ഈ മിഥ്യാധാരണ സാമൂഹികവും രാഷ്ട്രീയവുമായ രൂപങ്ങളിൽ പ്രത്യക്ഷപ്പെടാം. ഇരുപതാം നൂറ്റാണ്ടിലെ സ്വേഛാധിപത്യ സമ്പ്രദായങ്ങളിലും നമ്മുടെ കാലഘട്ടത്തിൽ ചിന്തയെയും സാങ്കേതികവിദ്യകളെയുംകുത്തകയാക്കുന്ന പ്രത്യയശാസ്ത്രങ്ങളിലുംകാണപ്പെട്ടതുപോലെതന്നെ. അവ ദൈവത്തെ അപ്രസക്തനാക്കുകയും മനുഷ്യരെ ചൂഷണം ചെയ്യപ്പെടേണ്ട അസംസ്കൃത വസ്തുക്കളാക്കുകയും ചെയ്യുന്നു. പണമാകുന്ന വിഗ്രഹത്തെ ആരാധിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള മിഥ്യയായ വികസനമാതൃകയോടു ബന്ധപ്പെട്ട പാപകരമായ വ്യവസ്ഥിതികളിലും ഈ മിഥ്യാധാരണ കാണാവുന്നതാണ്. കൂടുതൽ സമ്പന്നരായ വ്യക്തികളും സമൂഹങ്ങളും ദരിദ്രരുടെ ദുരവസ്ഥയോടു പരിഗണന കാണിക്കാത്ത അവസ്ഥയിലേക്ക് അതു നയിക്കുന്നു. ദരിദ്രരെ കാണുകപോലും ചെയ്യാതിരിക്കാൻവേണ്ടി അവർ കതകടയ്ക്കുന്നു.

അതുകൊണ്ട് ഈ ജൂബിലിവർഷത്തിലെ നോമ്പുകാലം അസ്തിത്വപരമായ നമ്മുടെ ഒറ്റപ്പെടലിനെ കീഴടക്കാൻ ഉചിതമായ അവസരമാണ് നമുക്കെല്ലാവർക്കും നല്കുന്നത്. ദൈവവചനശ്രവണംകൊണ്ടും കാരുണ്യപ്രവൃത്തികൾകൊണ്ടും നമുക്ക് ആ ഒറ്റപ്പെടലിനെ കീഴടക്കാം. പോഷിപ്പിക്കപ്പെടേണ്ടവരും ഉടുപ്പിക്കപ്പെടേണ്ടവരും സന്ദർശിക്കപ്പെടേണ്ടവരുമായ

നമ്മുടെ സഹോദരീ സഹോദരന്മാരിൽ ശാരീരിക കാരുണ്യപ്രവൃത്തികളിലൂടെ ക്രിസ്തുവിന്റെ ശരീരത്തെ നമുക്കു സ്പർശിക്കാം. ഉപദേശം, പഠിപ്പിക്കൽ, ക്ഷമിക്കൽ, മുന്നറിയിപ്പു നല്കൽ, പ്രാർത്ഥന എന്നിങ്ങനെയുള്ള ആത്മീയ കാരുണ്യപ്രവൃത്തികളിലൂടെ നമ്മുടെ പാപാവസ്ഥയെ നമുക്കു കൂടുതൽ നേരിട്ടു സ്പർശിക്കാം. ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികളെ ഒരിക്കലും വേർതിരിക്കരുത്. ക്രൂശിതനായ സഹിക്കുന്ന യേശുവിനെ സ്പർശിക്കുന്നതുവഴി പാപികൾക്കു ഒരു ദാനം സ്വീകരിക്കാനാവും. തങ്ങൾക്കു തന്നെയും ദരിദ്രരും ആവശ്യത്തിൽപ്പെട്ടവരുമാണെന്ന തിരിച്ചറിവാണ് ആ ദാനം. ഈ മാർഗത്തിലൂടെ സഞ്ചരിച്ചാൽ മഹത്ത്വകീർത്തനത്തിൽ അഹങ്കാരികൾ, ശക്തന്മാർ, സമ്പന്നൻ എന്നിങ്ങനെ വിവരിക്കപ്പെടുന്നവരും ക്രൂശിതനായ ക്രിസ്തുവിനാൽ ആശ്ലേഷിക്കപ്പെടുകയും, അവർ അയോഗ്യരാണെങ്കിലും സ്നേഹിക്കപ്പെടുകയും ചെയ്യും. അവിടന്ന് അവർക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്തുവല്ലോ. ജ്ഞാനം, അധികാരം, സമ്പത്ത് എന്നീ വിഗ്രഹങ്ങൾകൊണ്ടു തൃപ്തിപ്പെടുത്താനാവുമെന്ന് നാം ചിന്തിക്കുന്ന അനന്ത സൗഭാഗ്യത്തിനും സ്നേഹത്തിനും വേണ്ടിയുള്ള തീവ്രാഭിലാഷത്തിനുള്ള മറുപടി ഈ സ്നേഹം മാത്രമാണ്. എന്നാലും എപ്പോഴും ഒരു അപകടമുണ്ട്. ദരിദ്രരിലൂടെ വാതുക്കൽ മുട്ടുന്ന യേശുക്രിസ്തുവിന് ഹൃദയവാതിലുകൾ തുറന്നുകൊടുക്കാതെ നിരന്തരം നിരസിക്കുന്ന അഹങ്കാരികളും സമ്പന്നരും ശക്തരും സ്വയം ശപിക്കുന്നതിലേക്കും ഏകാന്തതയുടെ ശാശ്വത ഗർത്തത്തിലേക്കും വീഴും. അതു തന്നെയാണു നരകം. അവർക്കു മോശയും പ്രവാചകരുമുണ്ടല്ലോ, അവർ അവനെ കേൾക്കട്ടെ (cf. ലൂക്കാ 16:29) എന്നിങ്ങനെയുള്ള അബ്രാഹത്തിന്റെ രൂക്ഷതയുള്ള വാക്കുകൾ അവരെയും നമ്മെയും ബാധിക്കും. മരണത്തിന്റെയും പാപത്തിന്റെയും മേൽ ദിവ്യമണവാളൻ നേടിയ അന്തിമവിജയം ആഘോഷിക്കാൻ ഇത്തരത്തിലുള്ള ശ്രദ്ധാപൂർവകമായ കേൾക്കൽ നമ്മെ ഏറ്റവും ഉചിതമായ രീതിയിൽ സജ്ജീകൃതരാക്കും. ആ മണവാളൻ ഇപ്പോൾ ഉത്ഥിതനാണ്. തന്റെ വരവിനെക്കുറിച്ചുള്ള പ്രതീക്ഷയിൽ തന്നോട് ഉടമ്പടി ചെയ്തവരെ വിശുദ്ധീകരിക്കാൻ ആ മണവാളൻ ആഗ്രഹിക്കുന്നു.

ഈ നോമ്പുകാലം നമുക്കു നഷ്ടപ്പെടുത്താതിരിക്കാം. മാനസാന്തരപ്പെടാൻ ഏറെ അനുകൂലമായ കാലഘട്ടമാണിത്. കന്യകാമറിയത്തിന്റെ

മാതൃത്വപരമായ മധ്യസ്ഥതയിലൂടെ നമുക്ക് ഇത് യാചിക്കാം. തന്റെ മേൽ സൗജന്യമായി ചൊരിയപ്പെട്ട ദൈവിക കാരുണ്യത്തിന്റെ മഹത്ത്വത്തെ കണ്ടുമുട്ടിയപ്പോൾ അവൾ സ്വന്തം വിനീതാവസ്ഥ അംഗീകരിക്കുന്നതിൽ പ്രഥമ സ്ഥാനത്തു നിന്നു (cf. ലൂക്കാ 1:48). കർത്താവിന്റെ എളിയദാസിയെന്നു തന്നെത്തന്നെ വിളിക്കുകയും ചെയ്തു.

**ഫ്രാൻസിസ് മാർപാപ്പാ**

വത്തിക്കാനിൽ നിന്ന് 4 ഒക്ടോബർ 2015, വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ തിരുനാൾ ദിനം.

## രൂപതാകച്ചേരി വാർത്തകൾ

**Appointments**

| | | |
|---|---|---|
| Rev. Fr. Mathew Thrikodanmalil | : | Secretary to Bishop; Asst. Parish Priest, St. Joseph's Forane Church, Shimoga; Mob. 09400449917 |
| Rev. Fr. Paulose Pudussery | : | Diocesan Director of Cherupushpa Mission League and Holy Childhood; Administrator, Diocesan Pastoral Centre, Jeevanahally, Jedikatte, Bhadravathi; Mob.8762930361 |
| Rev. Fr. Scaria Kachamkodathu mcbs | : | Asst. Parish Priest, Sacred Heart Church, Hossur (Induvally), Mob: 9740375307 |
| Rev. Fr.Thomas Panackapathalil mcbs | : | Asst. Parish Priest, Little Flower Cathedral, N.R.Pura, Mob: 8593948415 |
| Rev.Fr. Paul Thattuparambil KF | : | Asst.Parish Priest, St. George Church Balehonnur and St. Thomas Church, Gorigandi, Mob: 9497244984 |

**സ്വാഗതം**

പുതുതായി രൂപതയിലേക്ക് സേവനത്തിനായി സന്തോഷപൂർവ്വം കടന്നു വന്നിരിക്കുന്ന ഫാ. മാത്യു തൃക്കോടന്മാലിൽ, ഫാ. പൗലോസ് പുതുശേരി, ഫാ. സ്കറിയ കാച്ചാംകോടത്ത് MCBS, ഫാ. തോമസ് പനക്കപ്പതാലിൽ MCBS, ഫാ. പോൾ തട്ടുപറംബിൽ KF എന്നീ ബഹു. അച്ചന്മാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

## വി. യൗസേപ്പിതാവിന്റെ തിരുനാൾ

തിരുക്കുടുംബത്തിന്റെ സംരക്ഷകനും തിരുസഭയുടെ കാവൽക്കാരനും നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനുമായ വി. യൗസേപ്പിതാവിന്റെ തിരുനാൾ മാർച്ച് 19–ന് ആഘോഷിക്കുമ്പോൾ നമ്മുടെ രൂപതയേയും ദൈവജനം മുഴുവനേയും യൗസേപ്പിതാവിനു സമർപ്പിക്കാം. അഭിവന്ദ്യപിതാവിനെ പ്രത്യേകമായി യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥത്തിനു ഏൽപ്പിക്കാം. ദൈവഹിതാനുസരണം രൂപതയ്ക്ക് ശുശ്രൂഷ ചെയ്യുവാനുള്ള കൃപയും ശക്തിയും ആത്മാഭിഷേകവും ലഭിക്കുവാനായി പ്രാർത്ഥിക്കാം. രൂപത മുഴുവന്റേയും നാമത്തിൽ പിതാവിനു സ്നേഹനിർഭരമായ തിരുനാൾ മംഗളങ്ങൾ നേരുന്നു. ഒപ്പം ജനറാളച്ചനും, യൗസേപ്പിതാവിന്റെ നാമധാരികളായ എല്ലാ വൈദികർക്കും, സമർപ്പിതർക്കും, അൽമായസഹോദരർക്കും തിരുനാൾ ആശംസകൾ!

## വൈദികസമ്മേളനം, സൈത്ത് വെഞ്ചിരിപ്പ്

രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികർക്കായുള്ള മാസധ്യാനവും, വൈദികസമ്മേളനവും 2016 മാർച്ച് 22 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ബിഷപ്ഹൗസിൽ ആരംഭിക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് 02.30–ന് സൈത്ത് വെഞ്ചിരിപ്പ് സെ. ജോസഫ് ദേവാലയത്തിൽ വച്ച് നടത്തപ്പെടും.

## വാർഷിക പൊതുയോഗം

2015–2016 വർഷത്തെ കണക്കുകൾ, 2016–2017 വർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുന്നതിനും, 2016–2017 വർഷത്തേക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം നമ്മുടെ എല്ലാ ഇടവകകളിലും 2016 ഏപ്രിൽ 17–നോ അതിനു മുമ്പുള്ള ഞായറാഴ്ചയോ ചേരേണ്ടതാണ്. പൊതുയോഗത്തിന്റെ നടത്തിപ്പ്, കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് എന്നിവയിൽ പള്ളിയോഗ നടപടിക്രമങ്ങൾ(രൂപതാ നിയമാവലി പേജ് 139–143) പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി അവരുടെ പേരുവിവരവും, പൊതുയോഗം പാസ്സാക്കിയ വാർഷിക തിരട്ടും, ബഡ്ജറ്റും, തിരട്ടു

ബുക്കിലും, തിരട്ടു ഫോമിലും രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്. രൂപ താകേന്ദ്രത്തിൽ നിന്ന് അംഗീകാരം ലഭിച്ചതിനു ശേഷം മാത്രമാണ് പുതിയ കൈക്കാരന്മാർ സ്ഥാനമേൽക്കേണ്ടത് (രൂപതാ നിയമാവലി 175–178 പേജുകൾ).

## ഓഡിറ്റിംഗ്

2015–2016 സാമ്പത്തിക വർഷത്തെ നമ്മുടെ എല്ലാ പള്ളികളുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്നും 2016 ഏപ്രിൽ 25, 26, 27, തിയതികളിൽ യഥാക്രമം എൻ.ആർ.പുര, സാഗർ, ഷിമോഗ, എന്നിവിടങ്ങളിൽ ഓഡിറ്റ് ചെയ്യുന്നതാണ്. താഴെ പറയുന്ന രേഖകളുമായി നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് ബഹു. വികാരിയച്ചന്മാർ ഇടവക സെക്രട്ടറിമാരുമൊത്ത് (കണക്കൻ) ഓഡിറ്റിംഗിനു വരേണ്ടതാണ്.

1. The Minutes of the *Pothuyogam* (original and copy), the Annual Statement of Account of 2015-2016 (വാർഷിക തിരട്ട് book and sheet) and budget for 2016-2017 (original and copy).
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions
4. Accounts of the Diocesan Farms
5 Updated Bank Passbooks and Check Books
6. FD Receipts (if any)

**25.04.2016: N.R.Pura, Little Flower Cathedral**

| | |
|---|---|
| 09.30 am | : N.R.Pura |
| 10.30 " | : Sangameswarapet |
| 11.30 " | : Balehonnur |
| 12.00 noon | : Chettikudige |
| 02.00 pm | : Varkatta |
| 02.30 " | : Makkode |
| 03.00 " | : Koppa |
| 03.30 " | : Muthinakoppa & Mallanthoor |
| 04.00 " | : Shettikoppa |

**26.04.2016: Sagar, St. Thomas Church**

| | |
|---|---|
| 09.30 am | : Sagar, Joga & Kargal |
| 10.30 " | : Ripponpett |
| 11.30 " | : Nagavally |
| 12.00 noon | : Iduvally |
| 02.00 pm | : Hosur (Induvally) |
| 03.00 " | : Anavatty |
| 04.00 " | : Anandapuram |

**27.04.2016: Shimoga, St. Joseph's Church**

| | |
|---|---|
| 09.30 am | : Bhadravathi |
| 10.30 " | : Davangere |
| 11.30 " | : Holehonnur |
| 12.00 noon | : Masthikatte |
| 02.00 pm | : Umblebylu |
| 02.30 " | : Shimoga |

**നന്ദി, അനുമോദനങ്ങൾ**

കഴിഞ്ഞ ഒരുവർഷക്കാലം എൻ. ആർ. പുര കത്തീഡ്രൽ ഇടവകയിൽ ബഹു. ജോസ് വട്ടപ്പാറയച്ചനും, ഹൊസ്സൂർ (ഇൻഡുവള്ളി) ഇടവകയിൽ ബഹു. തോമസ് വെട്ടിക്കുഴിയച്ചനും കൊച്ചന്മാരായി സേവനം ചെയ്ത ശേഷം സഭയിലെ പുതിയ ഉത്തർവാദിത്വങ്ങളിലേക്ക് സ്ഥലം മാറിയിരിക്കുന്നു. രണ്ടുപേർക്കും രൂപതയുടെ നന്ദിയും പ്രാർത്ഥനാനിർഭരമായ അനുമോദനങ്ങളും.

**പൊതു പിരിവുകൾ**

- ദാരിദ്ര്യരോഗനിവാരണത്തിനായി കാരിത്താസ് ഇൻഡ്യ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുവനായി നടത്തുന്ന പ്രത്യേക പിരിവ് ഈ വർഷം മാർച്ച് 20–ാം തിയതിയാണ് (ഓശാന ഞായർ)

നടത്തേണ്ടത്. അതുപോലെ ദുഃഖവെള്ളിയാഴ്ചത്തെ പ്രത്യേക പിരിവ് 2016 മാർച്ച് 25–ന് എടുക്കേണ്ടതാണ്.

- ജീവകാരുണ്യനിധി: രൂപതയുടെ ജീവകാരുണ്യനിധിയിലേക്കുള്ള പിരിവ് ഈസ്റ്റർദിനത്തിൽ (2016 മാർച്ച് 27) വി. കുർബ്ബാന മദ്ധ്യേ നടത്തി രൂപതാകേന്ദ്രത്തിൽ ഏൽപിക്കാൻ ഓർമ്മിപ്പിക്കുന്നു.

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാ ചാൻസിലർ

## മതബോധന–ബൈബിൾ പ്രേഷിതത്വം

ഭദ്രദീപം വായനക്കാർക്ക് നോമ്പിന്റെ പുണ്യദിനങ്ങളിലെ പ്രാർത്ഥനകളും, ദൈവാനുഗ്രഹങ്ങളും.

### കരോൾ ഗാനമത്സരം

നോമ്പിന്റെ ചൈതന്യത്താൽ ധന്യരായി രക്ഷകജനത്തിനും തിരുപ്പിറവിയുടെ വാഗ്ദാനമായി ശാന്തിയും സമാധാനവും നിറഞ്ഞ അനുഗ്രഹീത ജീവിതത്തിനും പ്രാർത്ഥനയോടെ കാത്തിരിക്കവേ, 2015 ഡിസംബർ 19–ാം തിയ്യതി ശനിയാഴ്ച ഗാഡികൊപ്പ സാൻജോസ് അങ്കണത്തിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ഭദ്രാവതി രൂപതയുടെ മതബോധന കമ്മീഷന്റെ നേതൃത്വത്തിൽ കരോൾ ഗാനമത്സരം നടത്തപ്പെട്ടപ്പോൾ ക്രിയാത്മകതകൊണ്ടും നവീനചിന്തകൾകൊണ്ടും ഈ സുന്ദരദിനവും ഇന്നിന്റെ ലക്ഷ്യങ്ങളും സാധൂകരിക്കപ്പെട്ടു. അഭിവന്ദ്യപിതാവിന്റെ സാന്നിധ്യത്തിൽ നടത്തപ്പെട്ട ഈ യത്നത്തിൽ ഒൻപത് ടീമുകൾ ഒമ്പത് മതബോധന യൂണിറ്റുകളെ പ്രതിനിധീകരിച്ചപ്പോൾ സേക്രട്ട് ഹാർട്ട് മതബോധന യൂണിറ്റ് ഇണ്ടുവള്ളി, ഒന്നാം സ്ഥാനവും, സെന്റ് ആന്റണി മതബോധനയൂണിറ്റ്, ഇടുവള്ളി രണ്ടാം സ്ഥാനവും, എൻ.ആർ. ലിറ്റിൽ ഫ്ളവർ മതബോധന യുണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. നൂതന ആശയങ്ങൾക്കും ഭാവനകൾക്കും നിറംപകർന്ന് ഈ ദിനം അവിസ്മരണീയമാക്കിയ എല്ലാവർക്കും രൂപത മതബോധന കമ്മീഷന്റെ അനുമോദനങ്ങൾ.

## മതബോധന റീജണൽ മീറ്റിങ്ങ്

കാരുണ്യവർഷത്തിൽ മതബോധനരംഗത്തെ പുതിയ ദിനങ്ങളും പ്രവർത്തനങ്ങളും വിലയിരുത്തുക, മതബോധന യൂണിറ്റുകളുടെ വിലയിരുത്തൽ സന്ദർശനങ്ങൾ വിചിന്തനത്തിന് വിഷയമാക്കുക, വരും തലമുറയെ ദൈവമക്കളാക്കി വളർത്തുന്ന ഏറ്റവും നല്ല മാതൃക മതബോധന കേന്ദ്രം കണ്ടെത്തുക എന്നി നിയതമായ പദ്ധതികളോടെ 2015 ഫെബ്രുവരി 12–ാം തിയ്യതി നടത്തപ്പെട്ട മതബോധന റീജണൽ മീറ്റിങ്ങിൽ ഭദ്രാവതി രൂപത മതബോധന ഡയറക്ടറായ ബ. ഫാ. വർഗ്ഗീസ് പൊടിപാറ എം.സി.ബി.എസ് ഭദ്രാവതി രൂപതയുടെ സാന്നിദ്ധ്യം അറിയിക്കുകയുണ്ടായി.

## കോർടീം മീറ്റിംങ്ങ്

2015–2016 മതബോധന വർഷത്തിലെ പിന്നിട്ട ദിനങ്ങളും പ്രവർത്തനങ്ങളും വിലയിരുത്തുക, മതബോധന യൂണിറ്റുകളുടെ വിലയിരുത്തൽ സന്ദർശനങ്ങൾ വിചിന്തനത്തിന് വിഷയമാക്കുക, വരും തലമുറയെ ദൈവമക്കളാക്കി വളർത്തുന്ന ഏറ്റവും നല്ല മാതൃക മതബോധനകേന്ദ്രം കണ്ടെത്തുക എന്നീ നിയതമായ പദ്ധതികളോടെ 2015 ഫെബ്രുവരി 12–ാം തിയ്യതി ഗാഡികൊപ്പ എം.സി.ബി.എസ് ഭവനത്തിൽ ഡയറക്ടർ അച്ചന്മാരും, പ്രിയേഷ് പുതുശ്ശേരി അച്ചനും, കോർടീം അംഗങ്ങളും ഒത്തുചേർന്നു. 2015–2016 മതബോധന വർഷത്തിന്റെ അവശേഷിക്കുന്ന ദിനങ്ങളെ സ്മരണീയമാക്കാനും വ്യക്തവും നൂതനവുമായ ആശയങ്ങൾ തീരുമാനങ്ങളാക്കി മാറ്റാനും പരസ്പരം കൈകോർക്കുകയും ചെയ്തു. ഭദ്രാവതി രൂപതയുടെ വിശ്വാസപരിശീലന രംഗത്ത് സേവനം അനുഷ്ടിക്കുന്ന എല്ലാ വൈദികർക്കും, സിസ്റ്റേഴ്സിനും, അദ്ധ്യാപകർക്കും പരിശീലനം നേടികൊണ്ടിരിക്കുന്ന എല്ലാ വിദ്ധ്യാർത്ഥികൾക്കും ആഗതമാകുന്ന ക്രിസ്തുമസ് പുതുവത്സര അനുഗ്രഹാശംസകൾ, ഒപ്പം നന്മയുണ്ടാകട്ടെ എന്ന പ്രാർത്ഥനയും. നവീകരിക്കപ്പെട്ട ജീവിത പുണ്യങ്ങളുമായി ലോകരക്ഷകനായ ദിവ്യ പൈതലിനെ സ്വീകരിക്കാൻ 25 നോമ്പിന്റെ പുണ്യദിനങ്ങൾ നമ്മെ ശക്തരാക്കട്ടെ. ദൈവകരങ്ങളിൽ നിന്ന്

സ്നേഹപൂർവ്വം 2016 വർഷത്തെ സ്വീകരിക്കാം. പുതുവർഷം എല്ലാവർക്കും നവോന്മേഷവും, അഭിഷേകവും നൽകട്ടെ.

## സർപ്രൈസ് വിസിറ്റ്

ഭദ്രാവതിരൂപത മതബോധന കേന്ദ്രങ്ങളിൽ ഏറ്റവും മനോഹരമായി രൂപതാകേന്ദ്രത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് പോകുന്ന ഒരു മതബോധന കേന്ദ്രത്തെ കണ്ടെത്തുക എന്ന ഉദ്യമത്തിന്റെ ആദ്യഘട്ടമായ വിലയിരുത്തൽ സന്ദർശനവും, രൂപതയുമായുള്ള സഹകരണവും പ്രവർത്തനങ്ങളും പൊതുവിലയിരുത്തലിന് വിധേയമായപ്പോൾ, ഈ ഉദ്യമത്തിന്റെ രണ്ടാംഘട്ടത്തിൽ സർപ്രൈസ് വിസിറ്റിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട മതബോധന യൂണിറ്റുകൾ; സെന്റ് ആന്റണി മതബോധന യൂണിറ്റ് ഇടുവള്ളി, സെന്റ് സെബാസ്റ്റ്യൻ മതബോധന യൂണിറ്റ്, മാക്കോട്, സെന്റ് നോബർട്ട് മതബോധന കേന്ദ്രം, കൊപ്പ, ഗുഡ്ഷപ്പേഡ് മതബോധന കേന്ദ്രം, റിപ്പൻ പേട്ട് എന്നിവയാണ്. യാഥാശ്ചികവും ആശ്ചര്യജനകവുമായ ഈ സന്ദർശനത്തിന് മുന്നറിയിപ്പുകളില്ലാതെ ഫെബ്രുവരി 14 ഞായറാഴ്ച ബഹു. ഡയറക്ടർ അച്ചന്മാരുടേയും കോർടീം അംഗങ്ങളുടേയും സ്വീകാര്യതയുടേയും അന്തരീക്ഷം സൃഷ്ടിച്ച് ''സർപ്രൈസ് വിസിറ്റിന്റെ'' ഉദ്ദേശശുദ്ധിയുടെ സാഫല്യത്തിനും വിജയത്തിനും സഹകരിച്ച എല്ലാ വികാരി അച്ചന്മാർക്കും, എല്ലാ അദ്ധ്യാപകഗണത്തിനും രൂപതമതബോധന കേന്ദ്രത്തിൽ നിന്നും നന്ദിയും വിജയാശംസകളും ഭാവുകങ്ങളും നേരുന്നു.

## പ്രധാന അദ്ധ്യാപക യോഗം

2015–2016 മതബോധന വർഷത്തെ വിലയിരുത്തി കുറവുകളിൽ നിന്ന് നിറവിലേക്കും നിറവിൽനിന്ന് തികവിലേക്കും തികവിൽ നിന്ന് മികവിലേക്ക് മതബോധനപരിശീലനത്തെ ശക്തിപ്പെടുത്തി 2016–2017 മതബോധനവർഷത്തെ കൂടുതൽ അനുഗ്രഹപ്രദമാക്കുക എന്ന ഉദ്ദേശശുദ്ധിയോടെ എം.സി.ബി.എസ് ഭവനത്തിൽ 2016 ഫെബ്രുവരി 18ന് വ്യാഴാഴ്ച പ്രധാന അദ്ധ്യാപകരുടെ അവലോകനയോഗം നടത്തപ്പെട്ടു. 21 മതബോധന യൂണിറ്റുകളുടെ സാന്നിദ്ധ്യം അറിയിച്ച് ഈ അവലോകനയോഗത്തിന്റെ നിയോഗങ്ങൾ സാക്ഷാത്കരിച്ച് 2016–2017 മതബോധനവർഷത്തെ നവ്യമായി

രൂപകൽപ്പന ചെയ്യാൻ ആശയങ്ങളിലൂടെയും ഭാവാത്മക നിർദ്ദേശങ്ങളിലൂടെയും കൂടുതൽ സുതാര്യമാക്കാൻ സഹകരിച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും നന്മകളും, പ്രാർത്ഥനാപൂർവ്വകമായ ആശംസകളും.

## വാർഷിക പരീക്ഷ

2015–2016 അദ്ധ്യായനവർഷത്തിന്റെ തിരശീലവീഴുമ്പോൾ മതബോധന വിദ്യാർത്ഥികൾ ഈ അദ്ധ്യയന വർഷത്തിൽ ശ്രവണ–ഗ്രഹണ–മനനതലങ്ങളിലൂടെ നേടിയ ദൈവജ്ഞാനത്തിന്റെ മാറ്റ് ഉരയ്ക്കുക എന്ന ലക്ഷ്യം 2016 ഫെബ്രുവരി 21–ാം തിയ്യതി ഞായറാഴ്ച നടത്തപ്പെട്ട വാർഷിക പരീക്ഷയിൽ സഫലീകൃതമായി. നാലാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള ചോദ്യാവലിയും ഉത്തരസൂചികയും രൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും എല്ലാ മതബോധന യൂണിറ്റുകൾക്കും വളരെ കൃത്യതയോടെ നൽകപ്പെടുകയുണ്ടായി.

## ഇന്നലകളിലേക്ക് തിരികെ നോക്കി, നന്ദിയോടെ

- സാന്നിധ്യംകൊണ്ടും സന്ദേശംകൊണ്ടും 2015 ക്രിസ്മസ് ആഘോഷത്തേയും കരോൾ ഗാനമത്സരത്തേയും ദൈവാനുഗ്രഹീതമാക്കിയ അഭിവന്ദ്യ ജോസഫ് അരുമച്ചാടത്ത് പിതാവിന് ആദരപൂർവ്വകമായ നന്ദി.
- 2015 ഡിസംബർ 19–ാം തിയ്യതി സാൻജോസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ട കരോൾ സിങ്ങിങ്ങ് കോമ്പറ്റീഷ്യനിൽ വിധിനിർണയം ചെയ്യുവാൻ വന്ന ഫാ. ബിനോയി കുരിയാട്ശേരി, ശ്രീ. ജൂനറ്റ്, ശ്രീമതി. തുഷാര എന്നിവർക്ക് രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.
- വാർഷിക പരീഷയ്ക്ക് വേണ്ട ചോദ്യവലികൾ തയ്യാറാക്കി കൃത്യതയോടെ രൂപതാമതബോധന കേന്ദ്രത്തിൽ ഏൽപിച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും അവരോട് സഹകരിച്ച സഹ അധ്യാപക സുഹൃത്തുക്കൾക്കും മതബോധന രൂപതാകേന്ദ്രത്തിൽ നിന്നും ഹൃദ്യമായ നന്ദിയും, കടപ്പാടും.

- ക്രിസ്മസ് ഗാനമത്സര ജേതാക്കൾക്ക് സമ്മാനങ്ങളും, ട്രോഫികളും, ക്യാഷ് അവാർഡുകളും നൽകാൻ ഞങ്ങളോട് സഹകരിക്കുകയും ഉദാരമായ സംഭാവനകൾ നൽകുകയും ചെയ്ത എല്ലാ നല്ല മനസ്സുകൾക്കും ദൈവാനുഗ്രഹങ്ങളും, നന്ദിയും കടപ്പാടും.

**ഫാ. വർഗീസ് പൊടിപാറ**

ഡയറക്ടർ, മതബോധന–ബൈബിൾ പ്രേഷിതത്വം

## ചെറുപുഷ്പ മിഷൻ ലീഗ്

ഈശോയിൽ സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനിറമാരെ, രൂപതാ മിഷൻ ലീഗിൽനിന്നും ആശംസകൾ. ദൈവത്തിന്റെ സ്നേഹവും സമാധാനവും സന്തോഷവും ആശംസിക്കുന്നു. രൂപതാ മിഷൻലീഗ് ഡയറക്ടറായി അഭിവന്ദ്യ പിതാവ് എന്നെ ഭരമേൽപ്പിച്ച ദൗത്യത്തിന് ദൈവത്തിന് നന്ദിപറയുന്നതോടൊപ്പം ഈ ദൗത്യം ഏറെ വിശ്വസ്തതയോടും സ്നേഹ്ത്തോടുംകൂടെ നിറവേറ്റുവാനുള്ള കൃപയ്ക്ക് വേണ്ടി ഈശോയോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണം. മിഷൻലീഗിന്റെ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഈ വരുന്ന ഏപ്രിൽ 16 ശനിയാഴ്ച മുതൽ 19–ാം തിയ്യതി ചൊവ്വാഴ്ച വരെ മാച്ചനഹള്ളിയിൽ വച്ച് 6 മുതൽ 12–ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്കായി ഒരു ക്രിസ്റ്റീൻ ധ്യാനം രൂപതാ തലത്തിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ഇതിലേക്ക് നിങ്ങളുടെ പങ്കാളിത്വവും സഹകരണവും ബഹുമാനപ്പെട്ട വികാരിയച്ചൻമാർവഴി ആരായുന്നതായിരിക്കും. വിശുദ്ധ കൊച്ചുത്രേസ്യയുടെ മാധ്യസ്ഥം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

**ഫാ. പൗലോസ് പുതുശ്ശേരി**

രൂപതാ മിഷൻലീഗ് ഡയറക്ടർ

## യുവജന പ്രേഷിതത്വം

ഭദ്രാവതി രൂപതയിലെ ICYM ഓഫീസിൽ നിന്ന് അഭിവാദ്യങ്ങൾ. ICYM രൂപതാ ടീമിന്റെ നേതൃത്വത്തിൽ ജനുവരി 17– ാം തിയ്യതി എൻ. ആർ. പുര ഫൊറോനയിലെ എല്ലാ യുവജനങ്ങളെയും ഒരുമിച്ചുകൂട്ടി വിവിധ വിഷയ

ങ്ങളെക്കുറിച്ച് അവബോധം നൽകി. പ്രസ്തുത സമ്മേളനത്തിൽ ലോക്കൽ പഞ്ചായത്തിലെ നമ്മുടെ പ്രാധിനിത്യം ഉറപ്പിക്കണമെന്നതിനെക്കുറിച്ച് ഫാ. വിനോദും, യുവജനങ്ങളും ഇടവകയും എന്ന വിഷയത്തെക്കുറിച്ച് ഫാ. റ്റിനോയും സംസാരിച്ചു. ജീവിതത്തിൽ ലക്ഷ്യങ്ങൾ ഉള്ളവരാകണം അതിന് കഠിനാധ്വാനം അത്യന്താപേക്ഷിതമാണ് എന്ന കാര്യത്തെക്കുറിച്ച് സ്വന്തം അനുഭവത്തിലൂടെയും പ്രചോദനാത്മകമായ അനേകരുടെ വിജയത്തിന്റെ കഥയും വിവരിച്ചുകൊണ്ട് മിസ്റ്റർ അബി പുളിക്കക്കുന്നേൽ ക്ലാസ്സ് നയിച്ചു.

ജനുവരി 26–ാം തിയ്യതി റിപ്പൺപേട്ട ഫൊറോനയിലെ എല്ലാ യുവജനങ്ങളെയും ഒന്നിപ്പിച്ചുകൊണ്ട് അവർക്കുവേണ്ടി ഒരു ദിവസത്തെ സെമിനാർ നടത്തി. ഫാ. ജോസഫ് പാംപ്ലാനി ആയിരുന്നു സെമിനാറിന് നേതൃത്വം നൽകിയത്. പ്രസ്തുത സെമിനാറിൽ അഭിവന്ദ്യ പിതാവ് എത്തിച്ചേരുകയും സമാപനസന്ദേശം നൽകുകയും ചെയ്തു. 150 യുവജനങ്ങൾ പങ്കെടുത്തു. ഇതിന്റെ പിന്നിൽ ആത്മാർത്ഥയോടെ യത്നിച്ച ഫാ. തോമസ് എം.സി.ബി.എസ്സിനെയും ടീമിനെയും പ്രത്യേകം അഭിനന്ദിക്കുന്നു.

മാർച്ച് 6–ാം തിയ്യതി ഷിമോഗ ഫൊറോനയിലെ യുവജനങ്ങൾക്കുവേണ്ടി ഏകദിന സെമിനാർ നടത്താൻ ഫാ. സിന്റൊയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തിൽ തീരുമാനമായി.

ഫെബ്രുവരി 25 തിയ്യതികളിൽ ICYM National Training ഉം 6,7 തിയ്യതികളിൽ National election നും ഗോവയിൽ വെച്ച് നടന്നു. പ്രസ്തുത പരിപാടികളിൽ ഭദ്രാവതി രൂപതയിൽ നിന്ന് മിസ്റ്റർ അബി പുളിക്കക്കുന്നേൽ പങ്കെടുത്തു. കൂടുതൽ വിവരങ്ങൾക്ക് www.icym.net സമീപിക്കുക. എല്ലാവർക്കും വിശുദ്ധമായ നോമ്പുകാലവും വരാനിരിക്കുന്ന ഈസ്റ്ററിന്റെ മംഗളങ്ങളും സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ടിനോ**
രൂപതാ ICYM ഡയറക്ടർ

## വൊക്കേഷൻ ബ്യൂറോ

എല്ലാ ഭദ്രദീപ വായനക്കാർക്കും ഭദ്രാവതി രൂപതയിലെ വൊക്കേഷൻ ബ്യൂറോയിൽനിന്നും ആശംസകൾ! നമ്മുടെ രൂപതയ്ക്കുവേണ്ടി വിവധ സെമിനാരികളിൽ പഠിച്ചുകൊണ്ടിരിക്കുന്ന സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്ന നിങ്ങൾക്കെല്ലാവർക്കും നന്ദി ഹൃദയത്തിന്റെ ഭാഷയിൽ അർപ്പിക്കുന്നു. വളർന്നുവരുന്ന നമ്മുടെ രൂപതയ്ക്ക് നേതൃത്വം കൊടുക്കുവാൻ, നല്ല ദൈവവിളികളെ കണ്ടെത്തി പ്രോത്സാഹിക്കുവാനും അവരെ രൂപതാക്യാമ്പിന് പറഞ്ഞുവിടുവാനും നിങ്ങൾക്ക് ഏവർക്കും പ്രത്യേകിച്ച് വികാരിയച്ചന്മാർക്കും ഉള്ള പങ്ക് വളരെ വലുതാണ്. ആ കടമ ഏറ്റവും ഉത്സാഹപൂർവ്വം നിങ്ങൾ നിറവേറ്റുമെന്ന് പ്രതീക്ഷിക്കുന്നു. രൂപതയിലെ വെക്കേഷൻ ക്യാമ്പിലേക്കും, സെമിനാരിയിലേക്കും കോൺവെന്റിലേക്കും പ്രവേശിക്കാൻ താൽപര്യമുള്ള 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ മാത്രം പറഞ്ഞുവിടാൻ മാതാപിതാക്കന്മാരും, വികാരിയച്ചന്മാരും ശ്രദ്ധിക്കുക. സെമിനാരി, കോൺവെന്റുകളിൽ ചേരാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും രൂപതാക്യാമ്പ് നിർബന്ധമാണ്.

### Hearty congratulations

Hearty congratulations to Dn. Nikhil Panackichira who bagged the second prize of the Inter Seminary Bible Quiz competition held at Ruhalaya Major Seminary - Ujjain.

### Upcoming Events

1. April 1 - May 1 - Brothers' Summer Camp
2. April 15 - 17 - Diocesan Vocation Camp
3. Aril 11-13 - Forane Level Boys' & Girls' Training Programme

(11 April - N.R.Pura, 12 April - Shimoga, 13 April - Ripponpet)

ഇപ്പോൾ അൾത്താരയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാവർക്കും അതുപോലെ അൾത്താര ബാലന്മാർ–ബാലികമാർ ആകാൻ ആഗ്രഹിക്കുന്ന എല്ലാവർക്കും ഇതിൽ പങ്കുചേരാവുന്നതാണ്.

**ഫാ. ടിനോ**

രൂപതാ വൊക്കേഷൻ ബ്യൂറോ ഡയറക്ടർ

## കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്

2016 മാർച്ച് 9 മുതൽ 12–ാം തിയ്യതി വരെ നമ്മുടെ രൂപതയിൽ വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് നടത്തപ്പെടും. കോഴ്സിൽ പങ്കെടുക്കേണ്ടവർ നേരത്തെ തന്നെ ബന്ധപ്പെട്ടവരെ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നവംബർ മാസത്തിലെ രൂപതാ പാസ്റ്റൽ കൗൺസിൽ എടുത്ത തീരുമാനമനുസരിച്ച് രൂപത ആരംഭിച്ചിരിക്കുന്ന കുടുംബ വർഷത്തോടനുബന്ധിച്ച് ദൈവജനത്തിന്റെ ആത്മീയ നവീകരണം ലക്ഷ്യമാക്കി ഒരു ടീമിനെ കണ്ടെത്തി നിയോഗിച്ചു. അതിന്റെ ഉത്തരവാദിത്വം ഫാ. സന്തോഷിനെ ഏൽപ്പിക്കുകയും ചെയ്തു.

### കുടുംബവർഷം - കാരുണ്യവർഷം

കുടുംബവർഷ നവീകരണ പദ്ധതിയുടെ ആദ്യസമ്മേളനം 2016 ജനുവരി, 9–ാം തിയ്യതി വൈകുന്നേരം 4 മണിക്ക് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ കുടുംബവർഷാചരണത്തിന്റെ ലക്ഷ്യവും, ആവശ്യകതയും പിതാവ് പങ്കുവെച്ചു. ഇടവകകൾതോറും ക്ലാസ്സുകൾ നയിക്കുവാൻ ഫോറോനാ കോർഡിനേറ്റേഴ്സിനേയും ടീം അംഗങ്ങളെയും നിയമിച്ചു.

| COORDINATORS AND TEAM MEMBERS | | |
|---|---|---|
| **Forane** | **Coordinators** | **Team members** |
| Shimoga | Fr. Vinod MCBS<br>Fr. Sinto MCBS | Sr. Retty SH<br>Sr. Flowerlet<br>Mr. Davis Neelankavil<br>Mr. Varghese Pulickal<br>Mrs. Nisha Jaimy |

| | | |
|---|---|---|
| NR. Pura | Fr. Abraham Areeparambil<br>Fr. Mathew CMI | Fr. Mobin MCBS<br>Sr. Asha CMC<br>Sr. Annet CMC<br>Sr. Rosbel<br>Mrs. Rosily Chandy<br>Mr. Jose Alukka |
| Ripponpet | Fr. Santhosh CMF<br>Fr. Shinu OSST | Mr. Jomy Cherukattu<br>Mr. Jerald Mullakkarayil<br>Sr. Rincy FCC<br>Sr. Vijaya FCC<br>Sr. Lissa Mary SABS<br>Sr. Roslin<br>Sr .Sofiya |

## ടീമിന്റെ പരിശീലനം

2016 ജനുവരി, 16ന് വൈകുന്നേരം 4.30 മണിയോടെ മൂന്നു ഫൊറോന യിലേയും ടീം അംഗങ്ങൾ മാച്ചനഹള്ളിയിൽ എത്തിച്ചേർന്നു. ഫാ. സന്തോഷ് എല്ലാവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. വെരി റവ. ഫാ. ജോസ് വെട്ടിയ്ക്കൽ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു. ട്രെയിനിംഗ് പ്രോഗ്രാമിന് വേണ്ടി മാനന്തവാടിയിൽനിന്നും എത്തിച്ചേർന്ന റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ, ശ്രീ. അംബാട്ട് ജോണി, ശ്രീമതി ഗ്രെയ്സി ചിറ്റിനാപള്ളി, എന്നിവരെ പരിചയപ്പെടുത്തി. മൂവരുടേയും ക്ലാസ്സുകൾ അത്യന്തം ഹൃദ്യമായിരുന്നു. ശ്രീ. ജോമി ചെറുകാട്ടിൽ നന്ദി അർപ്പിച്ചു. പ്രോഗ്രാമിൽ 30പേർ പങ്കെടുത്തു. രണ്ട് ദിവസമായി നടത്തിയ പരിപാടി ഉപകാരപ്രദമായിരുന്നു.

## കോർടീം മീറ്റിംഗ്

2016 ഫെബ്രുവരി 2–ാം തിയ്യതി കോർ ടീം - കോ–ഓർഡിനേറ്റേഴ്സ് മീറ്റിംഗ് ബിഷപ്പ് ഹൗസിൽ വെച്ച് നടത്തപ്പെട്ടു.11 പേർ പങ്കെടുത്ത മീറ്റിംഗിൽ അഭിവന്ദ്യപിതാവ് സന്നിഹിതനായിരുന്നു. ജനുവരി 16, 17 തിയ്യതികളിൽ നടന്ന ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഫോളോ അപ്പ് ആയിട്ടായിരുന്നു ഈ മീറ്റിംഗ്. ഇടവകകൾതോറും നടത്തുന്ന ബോധവൽക്കരണ ക്ലാസ്സുകൾക്ക് ഓരോരുത്തരും എടുക്കേണ്ട വിഷയങ്ങൾ, സമയക്രമങ്ങൾ, എന്നിവ തീരുമാനമായി.

2016 ഫെബ്രുവരി 6–ാം തിയ്യതി ഉച്ചയ്ക്ക് 2.30നോടുകൂടി കുടുംബവർഷം - കാരുണ്യവർഷം വർഷം പ്രമാണിച്ച് രൂപതയിലെ മുഴുവൻ ജനത്തിന്റെയും ആദ്ധ്യാത്മിക നവീകരണത്തിനുള്ള നവീകരണ പരിപാടികൾക്ക് രൂപം കൊടുക്കാൻ നിയമിതരായ എല്ലാ അംഗങ്ങളുടെയും ഒരു മീറ്റിംഗ് ബിഷപ്പ് ഹൗസിൽ ചേർന്നു. 20 പേർ ഇതിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട ചാൻസിലർ അച്ചന്റെയും ഡയറക്ടറിന്റെയും നേതൃത്വത്തിൽ ക്ലാസ്സുകളുടെ രത്നചുരുക്കം അവതരിപ്പിച്ചു. പാരീഷ് റിന്യൂവൽ പ്രോഗ്രാം ടൈംടേബിൾ തയ്യാറാക്കി. വൈകിട്ട് 4.30നു മീറ്റിംഗ് അവസാനിച്ചു.

## Parish Renewal Programme Schedule

| Sl. No. | Days | Ripponpet Forane | N.R.Pura Forane | Shimoga Forane |
|---|---|---|---|---|
| 1. | 14-02-2016<br>Sunday | 1.Sagar<br>St. Thomas Church<br>2.Anandapuram<br>Secred Heart Church | 1. Shimoga<br>St. Joseph's Church<br>2. Bhadravathi<br>Infant Jesus Church | 1.Gorigandi<br>St. Thomas Church<br>2. Chettykudige<br>St. Marys' Church |
| 2. | 28-02-2016<br>Sunday | 1. Induvally (Housur)<br>Sacred Heart Church | 1. Umbybayalu<br>St. Alphonsa Church<br>2. Holehonnur<br>St. Mary's Church<br>3. Davangere<br>St. Joseph's Church | 1. Muthinukoppa<br>St. Ann's Church<br>2. Malandur<br>St. Alphonsa Church<br>3. Shettykoppa<br>St. Joseph's Church |
| 3. | 06-03-2016<br>Sunday | 1. Nagavally/Kogar<br>Lourde Matha<br>Church<br>2. St. Mary's Church<br>Iduvally<br>St.Antony's Church | 1. Masthiketta<br>St. Peter's Church | 1.N.R. Pura<br>Little Flower Church<br>2. Koppa<br>St. Norbert Church |
| 4. | 13-03-2016<br>Sunday | 1. Ripponpet<br>Good Shepherd Church | | 1. Balehonnur<br>St. George Church<br>2. Makkode<br>St. Sebastian's Church<br>3. Varakatta<br>St. Antony's Church |
| 5. | 10-04-2016 | 1.Anavatty<br>Kristhuraj Church<br>Fr. Paulose puthussery<br>2.Jogg/ Kargal | | |

**ഫാ. സന്തോഷ്**
കുടുംബ പ്രേഷിതത്വ രൂപതാ ഡയറക്ടർ

# മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി
## സാമൂഹ്യസേവന വിഭാഗം
## പ്രോജക്ടുകൾ / പ്രോഗ്രാമുകൾ

### ചൈൽഡ് ഹെൽപ്പ് ലൈൻ – 1098

18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്നു. കഴിഞ്ഞ രണ്ടു മാസങ്ങളിലായി 68 കോളുകൾ 1098–ൽ ലഭിച്ചു. ഇതിന്റെ ഫലമായി 2 കുട്ടികൾക്ക് ചികിത്സാ സഹായം നൽകി. 15 കുട്ടികൾക്ക് സുരക്ഷിതമായി താമസിക്കുന്നതിന് വ്യവസ്ഥ ഒരുക്കി. 24 കുട്ടികളെ ഗാർഹിക പീഡനത്തിൽ നിന്നും മറ്റ് അപകടകരമായ ജീവിതസാഹചര്യങ്ങളിൽ നിന്നും രക്ഷിക്കുന്നതിനും സാധിച്ചു.

### ഓപ്പറേഷൻ സ്മൈൽ (Operation Smile)

ഷിമോഗ ജില്ലയിലെ വനിത–ശിശുക്ഷേമവകുപ്പും പോലീസ്–ലേബർ ഡിപ്പാർട്ട്മെന്റുകളും ചൈൽഡ് ലൈൻ യൂണിറ്റും സംയുക്തമായി ഓപ്പറേഷൻ സ്മൈൽ എന്ന പരിപാടി ജനുവരി 20, 28 തിയ്യതികളിൽ ഷിമോഗ, സാഗര താലൂക്കുകളിൽ സംഘടിപ്പിച്ചു. ബാലവേല നിരോധിക്കുന്നതും, ബാലവേലക്കാരെ രക്ഷിക്കുന്നതിനുമായി സംഘടിപ്പിച്ച ഈ പരിപാടിയിൽ ഷിമോഗ താലൂക്കിന്റെ വിവിധഭാഗങ്ങളിൽ നിന്നായി 37 കുട്ടികളേയും, സാഗര താലൂക്കിൽ നിന്ന് 62 കുട്ടികളെയും ബാലവേലിയിൽ നിന്നും വിടുവിക്കുന്നതിനും സാധിച്ചു. ഈ കുട്ടികൾ അധികം പേരും ഓട്ടോ മൊബൈൽ വർക്ക് ഷോപ്പുകൾ, ഹോട്ടലുകൾ, ഗാരേജുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരായിരുന്നു. എല്ലാ ഡിപ്പാർട്ട്മെന്റുകളും ചൈൽഡ് ലൈനും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

### നവജീവൻ കമ്മ്യൂണിറ്റി കെയർ സെന്റർ

എച്ച്.ഐ.വി/എയ്ഡ്സ് രോഗികളുടെ ശുശ്രൂഷക്കായി പ്രവർത്തിക്കുന്നു. കഴിഞ്ഞ രണ്ടുമാസങ്ങളിലായി 169 രോഗികളും അവരുടെ കുടുംബങ്ങളും ഈ സെന്ററിൽ നിന്നും സേവനങ്ങൾ സ്വീകരിക്കുകയുണ്ടായി. ഇതോടൊപ്പം മെഡിക്കൽ ക്യാമ്പും മീറ്റിങ്ങുകളും അവശരായ രോഗികൾക്ക് വലിയ ആശ്വാസമാകുന്നു.

## Women Empowerment Programme (WEP)

ഈ പ്രോജക്ടിന്റെ മൂന്നാംഘട്ട പ്രവർത്തന പരിപാടികൾക്ക് 2016 ജനുവരി മുതൽ ആരംഭിച്ചിരിക്കുന്നു.

## Women in Micro Enterprises (WME)

മഹിളാ സ്വസഹായ സംഘങ്ങളിൽ അംഗങ്ങളായവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുവാൻ വായ്പാസഹായം നൽകുന്നു. ഈ പ്രോജക്ടിന്റെ ഭാഗമായി സ്വയംതൊഴിലുകളുടെ സാദ്ധ്യതകളെക്കുറിച്ചും എങ്ങനെ പുതിയ സംരംഭങ്ങൾ തുടങ്ങാമെന്നതിനെക്കുറിച്ചുമുള്ള പരിശീലന പരിപാടി ജനുവരി 14–15 തിയ്യതികളിൽ ഹൊളഹൊന്നൂര് വച്ച് നടത്തപ്പെട്ടു. ഇതിൽ 34 മഹിളകൾ പങ്കെടുത്തു.

## Sustainality Through Partcipation, Empowerment and Decentralization (SPED)

സേവ് എ ഫാമിലി പ്ലാൻ ഇൻഡ്യയുടെ സഹായത്തോടെ സാഗര താലൂക്കിലെ ബാനുഗളി, ചെന്നഗോണ്ട പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. കഴിഞ്ഞ രണ്ടുമാസങ്ങളിലായി എല്ലാ വില്ലേജിലും വില്ലേജ് ആക്ഷൻ ടീം മീറ്റിങ്ങുകളും പ്രോജക്ടിന്റെ വാർഷിക അവലോകന പരിപാടികളും നടത്തപ്പെട്ടു.

ജനുവരി 29–ാം തിയ്യതികളിൽ സേവ് എ ഫാമിലി പ്ലാൻ ഓഫീസിൽ നിന്നും റീജിയണൽ പ്രോഗ്രാം ഓഫീസർ ശ്രീ സിറിൽ പ്രോജക്ട് ഏരിയ സന്ദർശിക്കുകയും വില്ലേജ് ആക്ഷൻ ടീമുമൊത്ത് പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു. MSSS ഡയറക്ടർ ഫാ. വിനോദ് MCBS, ഈ മീറ്റിങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. ഈ പ്രോജക്ടിന്റെ റിവ്യൂ മീറ്റിംഗ് ഫെബ്രുവരി 16–18 തിയ്യതികളിൽ ഐശ്വര്യഗ്രാമിൽ വച്ച് നടത്തപ്പെട്ടു.

## മസ്ദൂർ സുരക്ഷായോജന–സ്വവാലംബൻ

അസംഘിതരായ തൊഴിലാളികൾക്കായി കേന്ദ്രവഗൺമെന്റ് തുടങ്ങിവച്ചിരിക്കുന്ന പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ 382 പേർ തങ്ങളുടെ അംഗത്വം ജനുവരി–ഫെബ്രുവരി മാസങ്ങളിലായി പുതുക്കി.

**മദേർസ് കെയർ**

ഈ പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ഫെബ്രുവരി 22–ാം തിയ്യതി MSS Office–ൽ വെച്ച് നടത്തപ്പെടുകയുണ്ടായി. അഭിവന്ദ്യ പിതാവ് മാർ ജോസഫ് അരമച്ചാടത്ത് ഈ പ്രോഗ്രാമിൽ പങ്കെടുക്കുകയും കുട്ടികൾക്കുള്ള സ്കോളർഷിപ്പ് വിതരണം നിർവ്വഹിക്കുകയും ചെയ്തു. വിവിധ സ്കൂളുകളിലും ക്ലാസ്സുകളിലും പഠിക്കുന്നതായ 159 കുട്ടികൾക്ക് ഇതിൽനിന്നും പ്രയോജനം ലഭിക്കുന്നു.

**ജീവോദയ**

ആനന്ദപുരത്ത് പ്രവർത്തിക്കുന്ന വി.ഗാർഡ് സ്റ്റബിലൈസർ അസംബ്ലിങ്ങ് യൂണിറ്റ് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. ആഗതമാകുന്ന ഉയിർപ്പുതിരുനാൾ മംഗങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

**ഫാ. വിനോദ് എം.സി.ബി.സ്.**
ഡയറക്ടർ

# BISHOP'S DIARY

## JANUARY 2016

02 : Offered Holy Eucharist at Snehagiri Convent, Erattayar

03 : Offered Holy Eucharist at St. Thomas Forane Church, Erattayar

06 : Offered Holy Eucharist at FC Convent, Thenamkunnu, Thodupuzha

07-12 : Participated in the Syro-Malabar Bishops' Synod at Mount St. Thomas, Kakkanad

10 : Led the Eucharistic Procession and gave message on the occasion of the 40th Hour Eucharistic Adoration at St. Joseph's Forane Church, Vaikom

15 : Offered Holy Eucharist and gave message on the occasion of "Thiruppiravi" and SMCA Annual Celebration at St. Thomas Church, Qatar

23 : Participated in the Consecration ceremony of the newly constructed Parish Church at Carmelaram Mount Carmel Church, Bangalore

24 : Offered Holy Eucharist at St. Thomas Church, Sagar on the occasion of the Parish Feast

29 : Offered Holy Eucharist at Little Flower Cathedral Church, N.R. Pura on the occasion of the Parish Feast

30 : Officiated the funeral service for Mr. Jacob …., at Little Flower Cathedral Church, N.R. Pura

31 : Offered Holy Eucharist at St. Sebastian's Church, Mathikere, Bangalore on the occasion of the Silver Jubilee Celebration of the Parish

## FEBRUARY 2016

02 : Participated in the Monthly Recollection of Shimoga Forane at DSS Convent, Umblebylu

03 : Administered the Sacraments of Initiation on Savio Dominic, son of Mr. Dominic Ezhuparayil at Fathima Matha Church, Kanjirakolly

04 : Participated in the Episcopal Ordination of Mar Jose Pulickal, Auxiliary Bishop of Kanjirappally

06 : Offered Holy Eucharist and gave First Holy Communion to Children at St. Joseph's Church, Chakkalakunnu, Changanacherry; visited Eucharistic Retreat Centre, Mallappally

09 : Participated in the Monthly Recollection of Ripponpet Forane at FC Convent, Anavatty

13 : Offered Holy Eucharist and gave message at Madampam Bible Convention held at Payyavoor

16-18 : Visited Montfort Brothers' Provincial House and Montfort School at Yercaud

19 : Participated in the KRCBC Meeting held at KROSS, Bangalore

20 : Officiated the funeral service for Mr.Avaracha Pudussery at St. Annes Church, Muthinakoppa

22 : Distributed scholarship to 159 school children at MSSS office, Gadikoppa

25 : Participated in the Annual Celebrations of Navjyothi Nursery School, Masthikatte

27 : Participated in the Hostel Day and Parents' Day Celebration of Upasana Hostel, Shikaripura

# BISHOP'S PROGRAMME

## MARCH 2016

| | | |
|---|---|---|
| 01 | : | Syro-Malabar Doctrinal Commission Meeting, Dharmaram College, Bangalore |
| 02-09 | : | CBCI Plenary Meeting, St. John's Medical College, Bangalore |
| 11 | : | Minor Orders at Sanathana Seminary, Thamarassery |
| 13 | : | Good Shepherd Church, Ripponpet |
| 19 | : | Feast of St. Joseph |
| 20 | : | Palm Sunday, Shimoga |
| 22 | : | Presbyterium; Chrism Mass |
| 24 | : | Holy Thursday, Little Flower Cathedral, N.R. Pura |
| 25 | : | Good Friday |
| 27 | : | Easter, Little Flower Cathedral, N.R. Pura |

## APRIL 2016

| | | |
|---|---|---|
| 01 | : | Summer Course for the Seminarians |
| 03 | : | Mass at St. Thomas Church, Gorigandi |
| 07 | : | CHAKA, Health Commission Meeting, at KROSS, Bangalore |
| 11-13 | : | Altar Boys Meet |
| 15-17 | : | Engaged |
| 20-21 | : | Thalassery |
| 24 | : | Holy Eucharist at St. George Church, Balehonnur |
| 26-27 | : | Inter-curia Meeting, Mandya |
| 30 | : | Silver Jubilee, Holehonnur |
| 17 | : | Thamarassery |
| 19-20 | : | Syro-Malabar Consultation on Mission Ad Gentes Today, Thalassery |

**MAY 2016**

01 : First Holy Communion, Shimoga; Holy Eucharist at St. Joseph's Church, Davangere

05 : First Holy Communion, St. Jerome's Church, Vellayamkudy

07 : Priestly Ordination of Dn. Joseph Erumachadath, at St. Joseph's Church, Shantigram

# KANNADA SECTION

## ಧರ್ಮಕ್ಷೇತ್ರದ ಕಛೇರಿ ವಾರ್ತೆಗಳು

ಸಂತ ಜೋಸೆಫರ ಹಬ್ಬ :- ಪವಿತ್ರ ಕುಟುಂಬದ ಪಾಲಕನು, ಧರ್ಮಸಭೆಯ ಸಂರಕ್ಷಕನು ಆದ ಸಂತ ಜೋಸೆಫರ ಹಬ್ಬವನ್ನು ಮಾರ್ಚ 19 ಕ್ಕೆ ಕೊಂಡಾಡುವಾಗ ನಮ್ಮ ಧರ್ಮಕ್ಷೇತ್ರವನ್ನು, ದೈವಜನತೆಯನ್ನು ಸಂತ ಜೋಸೆಫರಿಗೆ ಸಮರ್ಪಿಸೋಣ. ಅತಿವಂದನೀಯ ಧರ್ಮಾಧ್ಯಕ್ಷರನ್ನು ಸಂತ ಜೋಸೆಫರ ಮಾಧ್ಯಸ್ಥಿಕೆಗೆ ಸಮರ್ಪಿಸೋಣ, ದೈವಇಚ್ಛೆಯಂತೆ ಧರ್ಮಕ್ಷೇತ್ರದ ಸೇವೆ ಮಾಡಲು ಕೃಪೆ ಹಾಗೂ ಅಭಿಷೇಕ ಲಭಿಸುವುದಕ್ಕಾಗಿ ಪ್ರಾರ್ಥಿಸೋಣ.

ಧರ್ಮಕ್ಷೇತ್ರದ ಹೆಸರಿನಲ್ಲಿ ಬಿಷಪ್‌ರವರಿಗೆ ಪ್ರೀತಿ ಆಧಾರಗಳಿಂದ ಹಬ್ಬದ ಶುಭಾಷಯವನ್ನು ಕೋರುತ್ತೇವೆ. ಅದರೊಂದಿಗೆ ಫಾ॥ ಜೋಸ್ ವೆಟ್ಟಿಕ್ಕಲ್ ರವರಿಗೂ ಸಂತ ಜೋಸೆಫರ ನಾಮ ಸ್ವೀಕರಿಸಿರುವ ಎಲ್ಲಾ ಗುರುವೃಂದದವರಿಗೂ, ಸಮರ್ಪಿತರಿಗೂ, ಆತ್ಮೀಯ ಸಹೋದರರಿಗೂ ಹಬ್ಬದ ಶುಭ ಹಾರೈಸೋಣ.

ಗುರುಸಮ್ಮೇಳನ, ಸ್ಪೈತ್ ಆಶೀರ್ವಾದ:- ಧರ್ಮಕ್ಷೇತ್ರದಲ್ಲಿ ಸೇವೆ ಮಾಡುವ ವಂದನೀಯ ಗುರುವೃಂದದವರಿಗೆ ಮಾಸಿಕಧ್ಯಾನ ಹಾಗೂ ಗುರುಸಮ್ಮೇಳನವನ್ನು 2016 ಮಾರ್ಚ 22 ಮಂಗಳವಾರ 10.00 ಗಂಟೆಗೆ ಬಿಷಪ್ ಹೌಸಿನಲ್ಲಿ ಆರಂಭಿಸಲಾಗುವುದು.

**ವಾರ್ಷಿಕ ಸಮ್ಮೇಳನ:**

2015-16 ನೇ ವರ್ಷದ ಲೆಕ್ಕಗಳನ್ನು ಹಾಗೂ 2016-17ನೆ ವರ್ಷಕ್ಕೆ ಇರುವ ಬಡ್ಜೆಟ್ ಇವುಗಳನ್ನು ವರದಿಮಾಡುವುದಕ್ಕು, 2016-17ನೇ ವರ್ಷಕ್ಕೆ ಇರುವ ಟ್ರಸ್ಟೀಸ್‌ರವರನ್ನು ಆಯ್ಕೆ ಮಾಡುವುದಕ್ಕಾಗಿಯೂ ಈ ವಾರ್ಷಿಕ ಯೋಗವನ್ನು ಎಲ್ಲಾ ಧರ್ಮಕೇಂದ್ರಗಳಲ್ಲಿಯೂ 2016 ಏಪ್ರಿಲ್ 17ಕ್ಕೆ ಅಥವಾ ಅದಕ್ಕಿಂತ ಮುಂಚಿತ ಬರುವ ಭಾನುವಾರಗಳಲ್ಲಿ ನಡೆಸತಕ್ಕದ್ದು. ಸಭೆ ನಡೆಸಬೇಕಾದ ನಯಾಮವಳಿ, ಟ್ರಸ್ಟೀಸ್‌ರವರ ಆಯ್ಕೆ ಇವುಗಳನ್ನು ಧರ್ಮಕ್ಷೇತ್ರದ ನಯಾಮಾವಳಿ 139-143 ರಂತೆ ನಡೆಸಲು ಪ್ರತ್ಯೇಕ ಶ್ರದ್ಧೆವಹಿಸಬೇಕು. ಟ್ರಸ್ಟೀಸ್‌ರವರ ಆಯ್ಕೆಯನ್ನು ಪೂರ್ಣಗೊಳಿಸಿ ಅವರ ಹೆಸರು

ಮತ್ತು ವಿವರಗಳನ್ನು ಒಳಗೊಂಡ ಮಿನಟ್ಸ್, ವಾರ್ಷಿಕ ಲೆಕ್ಕದ ತಿರಟ್(Monthly Statement) ಹಾಗೂ ಬಡ್ಜೆಟ್ ಇವುಗಳನ್ನು ಕ್ರಮವಾಗಿ ಅದರ ನಮೂನೆ ಮತ್ತು ಪ್ರತ್ಯೇಕ ಪುಸ್ತಕಗಳಲ್ಲಿ ಬರೆದು ಧರ್ಮಕ್ಷೇತ್ರದಲ್ಲಿ ತಲುಪಿಸಬೇಕು. ಧರ್ಮಕ್ಷೇತ್ರದಿಂದ ಅನುಮತಿ ಪಡೆದ ನಂತರ ಹೊಸ ಟ್ರಸ್ಟೀಸ್‌ರವರಿಗೆ ಅಧಿಕಾರ ಅಸ್ತಾಂತರ ಮಾಡಬೇಕು (ಧರ್ಮಕ್ಷೇತ್ರದ ನಿಯಮಾವಳಿ 175–178).

**ಓಡಿಟಿಂಗ್ :**

2015–16 ಹಣಕಾಸು ವರ್ಷದಲ್ಲಿ ನಮ್ಮ ಎಲ್ಲಾ ಧರ್ಮಕೇಂದ್ರಗಳ, ಸಂಸ್ಥೆಗಳ ಲೆಕ್ಕಗಳನ್ನು ಧರ್ಮಕ್ಷೇತ್ರದಿಂದ 2016 ಏಪ್ರಿಲ್ 25,26,27 ನೇ ತಾರೀಖುಗಳಲ್ಲಿ ಯಥಾಕ್ರಮ ಎನ್.ಆರ್.ಪುರ, ಸಾಗರ, ಶಿವಮೊಗ್ಗಗಳಲ್ಲಿ ಓಡಿಟಿಂಗ್ ಮಾಡಿಸಬೇಕು. ಕೆಳಗೆ ತಿಳಿಯಪಡಿಸಿದ ಸಮಯದಲ್ಲಿ ವಂದನೀಯ ಧರ್ಮಕೇಂದ್ರ ಪಾಲಕರು ಸೆಕ್ರೆಟರಿಯೊಂದಿಗೆ ಓಡಿಟಿಂಗ್‌ಗೆ ಬರಬೇಕು.

**ವಂದನೆಗಳು ಹಾಗೂ ಶುಭಹಾರೈಕೆಗಳು:**

ಕಳೆದ ಒಂದು ವರ್ಷ ಎನ್.ಆರ್.ಪುರ ಕತ್ತಿಡ್ರಲ್ ದೇವಾಲಯದಲ್ಲಿ ವಂದನೀಯ ಜೋಸ್ ವಟ್ಟಪಾರರವರು, ಹೊಸೂರ್ (ಇಂಡುವಳ್ಳಿ) ಧರ್ಮಕೇಂದ್ರಗಳಲ್ಲಿ ವಂದನೀಯ ತೋಮಸ್ ವೆಟ್ಟಿಕ್ಕುಳ್ಳಿ ಗುರುಗಳು ಧರ್ಮಕೇಂದ್ರಗಳಲ್ಲಿ ಸೇವೆ ಮಾಡಿದ ನಂತರ ಸಭೆಯ ಹೊಸ ಜವಾಬ್ದಾರಿಗಳಿಗೆ ವರ್ಗಾಂತರಗೊಂಡಿದ್ದಾರೆ. ಇಬ್ಬರಿಗೂ ಧರ್ಮಕ್ಷೇತ್ರದ ವಂದನೆ ಹಾಗೂ ಪ್ರಾರ್ಥನಾ ನಿರ್ಭರವಾದ ಶುಭಹಾರೈಕೆಗಳು.

1. The Minutes of the *Pothuyogam* (original and copy), the Annual Statement of Account of 2015-2016 (book and sheet) and budget for 2016-2017 (original and copy).
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions
4. Accounts of the Diocesan Farms
5. Updated Bank Passbooks and Check Books
6. FD Receipts (if any)

**25.04.2016: N.R.Pura, Little Flower Cathedral**

| | |
|---|---|
| 09.30 am | : N.R.Pura |
| 10.30 " | : Sangameswarapet |
| 11.30 " | : Balehonnur |
| 12.00 noon | : Chettikudige |
| 02.00 pm | : Varkatta |
| 02.30 " | : Makkode |
| 03.00 " | : Koppa |
| 03.30 " | : Muthinakoppa & Mallanthoor |
| 04.00 " | : Shettikoppa |

**26.04.2016: Sagar, St. Thomas Church**

| | |
|---|---|
| 09.30 am | : Sagar, Joga & Kargal |
| 10.30 " | : Ripponpett |
| 11.30 " | : Nagavally |
| 12.00 noon | : Iduvally |
| 02.00 pm | : Hosur (Induvally) |
| 03.00 " | : Anavatty |
| 04.00 " | : Anandapuram |

**27.04.2016: Shimoga, St. Joseph's Church**

| | |
|---|---|
| 09.30 am | : Bhadravathi |
| 10.30 " | : Davangere |
| 11.30 " | : Holehonnur |
| 12.00 noon | : Masthikatte |
| 02.00 pm | : Umblebylu |
| 02.30 " | : Shimoga |

**ಕಾಣಿಕೆಗಳು:**

ಬಡತನನಿವಾರಣೆಗಾಗಿ ಕಾರಿತ್ತಾಸ್ ಇಂಡಿಯಾ ನಡೆಸುವ ಪ್ರವರ್ತನೆಗಳಿಗೆ ಸಹಾಯ ಮಾಡಲು ಪ್ರತ್ಯೇಕ ಕಾಣಿಕೆಯನ್ನು ಈ ವರ್ಷ ಮಾರ್ಚ 20ನೇ ತಾರೀಖು

ನಡೆಸಲಾಗುವುದು. ಅದರಂತೆ ಪವಿತ್ರ ಶುಕ್ರವಾರ ಪ್ರತ್ಯೇಕ ಕಾಣಿಕೆ 2016 ಮಾರ್ಚ 25ಕ್ಕೆ ನಡೆಸಬೇಕು.

**ಜೀವಕಾರುಣ್ಯ ನಿಧಿ:**

ಧರ್ಮಕ್ಷೇತ್ರದ ಜೀವಕಾರುಣ್ಯ ನಿಧಿಗೆ ಕಾಣಿಕೆಯನ್ನು ಈಸ್ಟರ್ ದಿನದಲ್ಲಿ (2016 ಮಾರ್ಚ 27) ದಿವ್ಯ ಬಲಿಪೂಜೆಯ ಮಧ್ಯದಲ್ಲಿ ನಡೆಸಿ ಧರ್ಮಕ್ಷೇತ್ರಕ್ಕೆ ತಲುಪಿಸಲು ಶ್ರದ್ಧೆವಹಿಸಬೇಕು.

**ಫಾ॥ ಫ್ರಾನ್ಸಿಸ್ ಅಳ್ಳುಂಪುರಂ,**
ಧರ್ಮಕ್ಷೇತ್ರದ ಚಾನ್ಸೆಲರ್.

# NIRMALA COLLEGE OF NURSING

***REG: INC, KNC, RGUHS***

**Nirmala Hospital**
Old Town, Bhadravathi
*Managed by*

**SISTERS OF ST.CHARLES BORROMEO**

## *Admission Opened - 2016 – 2017*

**1. B.Sc. NURSING**

Girls of 10+2 or equivalent examination with 45% aggregate in Physics, Chemistry, Biology and English
Application form and Prospectus are available
**from 01-04-2016 to 30-06-2016**
On Payment of Rs. 300/- or
DD of Rs. 300/- drawn in Favour of
**"Nirmala College of Nursing, Bhadravathi."**

**2. G.N.M**

Girls of 10+2 or equivalent examination with minimum 40% aggregate in any 3 subjects and English
Application form and Prospectus are available
**from 01-04-2016 to 30-06-2016**
On payment f Rs. 250/- or DD of Rs. 250/- drawn in Favour of
**"Nirmala School of Nursing, Bhadravathi"**




**<u>Contact:</u>**
**The Principal, Nirmala College of Nursing**
Nirmala Hospital, Old Town, Bhadravathi.
Shimoga Dist., Karnataka State Pin – 577 303.
Tel: 08282 - 266989, 262822, 266662
**Web site:** www.nirmahospson.org
**E-mail: nirmalaconbdvt@gmail.com**
**E–mail: nirmalason@yahoo.com**

# Hearty Congratulations and Prayerful Wishes to



**Fr. Sajeesh Mathew Thrikkodanmalil**
Tenery, Mananthavady; ordained on 31 December, 2015
by His Excellency Mar Joseph Arumachadath for the Diocese of Bhadravathi




**Fr. Paulose Pudussery**
Muthinkoppa, Bhadravathi; ordained on 29 December, 2015
by His Excellency Mar Joseph Arumachadath for the Diocese of Bhadravathi

# DIOCESE OF BHADRAVATHI

ONE IN CHRIST - ONE FAMILY
IHS
DECENNIAL CELEBRATION

**2014 - 2017**

**YEAR OF CONSECRATED LIFE (2014 -2015)**
**YEAR OF FAMILY (2015- 2016)**
**YEAR OF NEW EVANGELIZATION (2016 -2017)**








→ Parishes Under Diocese of Bhadravathi

1. Anandapuram
2. Anavatty
3. Balehonnur
4. Bhadravathi
5. Chettikudige
6. Gorigandi
7. Hanthuvani
8. Holehonnur
9. Hossur (Induvally)
10. Iduvally
11. Kogar
12. Koppa
13. Makkod
14. Mallandur
15. Masthikatte
16. Muthinakoppa
17. N. R. Pura
18. Nagavally
19. Ripponpet
10. Sagar
21. Shettikoppa
22. Shimoga
23. Umblebylu
24. Davangere



**EPARCHY OF BHADRAVATHI**
Bishop's House, St. Joseph's Church, Sagar Road, Shimoga - 577204, Karnataka, India.
Tel.:08182-256549/255923; Fax:08182-256549 | E-mail: bhadravathidiocese@rediffmail.com